LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിക്കാർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽനിന്നാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ടി അപേക്ഷകളുടെ തീർപ്പ് കൽപ്പിക്കാൻ മെഡിക്കൽ ബോർഡ് ചേർന്ന് അർഹരായവരെ കണ്ടെത്തി താമസമില്ലാതെ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. കോവിഡ് 19 വ്യാപനം രൂക്ഷമായതിനാൽ രണ്ട് മാസക്കാലം മെഡിക്കൽ ബോർഡ് ചേരുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 21-7-2021-നും 28-7-2021-നും രണ്ട് ക്യാമ്പുകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. 18-8-2021-ന് മെഡിക്കൽ ബോർഡ് ചേർന്ന് 25.08.2021-നുമുമ്പ് സർട്ടിഫിക്കറ്റ് വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ, ഭിന്നശേഷിക്കാർക്ക് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് മെഡിക്കൽ ബോർഡ് സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലുമാണ് മെഡിക്കൽ ബോർഡ് ചേരുന്നത്. മംഗൽപാടിക്ക് സമീപമാണ് കാസർഗോഡ് ജനറൽ ആശുപത്രി.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പദ്ധതികൾ

165 (2885) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സവിശേഷ സഹായം അർഹിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി:

   ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ/പി.ജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000 രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപ്പെട്ട അപേക്ഷകർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. വിദ്യാജ്യോതി പദ്ധതി:

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി.കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

3. ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി:

ശാരീരിക മാനസിക അവശതകൾമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവവഴി വീട്ടിൽത്തന്നെയിരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും. രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ/ട്യൂഷൻ ഫീ, പരീക്ഷാ ഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവയ്ക്കാവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാന പരിധി 1 ലക്ഷം രൂപ. ഓപ്പൺ യൂണിവേഴ്സിറ്റി, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി കേരളത്തിനകത്തെ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

4. വിജയാമൃതം പദ്ധതി:

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി/പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം. ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുവാനും സാധിക്കുന്നു. ഡിഗ്രിതലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും/അതിൽ കൂടുതലും മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർത്ഥികളാണ് ഗുണഭോക്താക്കൾ. പി.ജി/പ്രൊഫഷണൽ കോഴ്സുകൾക്ക്

60 ശതമാനവും/അതിൽ കൂടുതലും മാർക്ക് കരസ്ഥമാക്കിയിരിക്കണം. അപേക്ഷകർ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽനിന്നും ആദ്യ അവസരത്തിൽത്തന്നെ പാസായിരിക്കണം. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, വിദ്യാജ്യോതി പദ്ധതി എന്നിവയുടെ സ്കോളർഷിപ്പ് നിരക്ക് പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ വിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി 2016-2021 കാലയളവിൽ ചെലവഴിച്ച തുകയുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

മേൽ പരാമർശിത പദ്ധതികൾക്കായി 2016-2021 കാലയളവിൽ ചെലവഴിച്ച തുകയുടെ ജില്ലാതല വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇവർക്കായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഭിന്നശേഷി സ്കോളർഷിപ്പ്, വിദ്യാജ്യോതി, വിദൂരവിദ്യാഭ്യാസ സ്കോളർഷിപ്പ്, വിജയാമൃതം എന്നീ പദ്ധതികൾ തുടർപദ്ധതികളായി നടപ്പാക്കിവരുന്നു. കൂടാതെ കോവിഡ് 19 മഹാമാരി കാരണം സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും പൂർണ്ണമായും അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ മാനസിക പിരിമുറുക്കം ഒഴിവാക്കി സമാധാനം നേടുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ സംസ്ഥാനത്താകെ 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ നടപ്പുവർഷം ആരംഭിച്ചിട്ടുണ്ട്.

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം

166 (2886) ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർ എത്രപേരുണ്ടെന്ന് കണ്ടെത്താൻ സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly